(ബി) 1003.40 കി.മി. റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി നടത്തിയിട്ടുണ്ട്.

(സി) ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം നടത്തപ്പെടുന്ന റോഡു പണികൾ വളരെക്കാലം കേടുപാടുകൾ കൂടാതെ നിലനിൽക്കുകയും വാഹന യാത്ര സുഖകരമാക്കുകയും തദ്വാര വാഹനാപകടങ്ങളുടെ നിരക്ക് കുറയുകയും ചെയ്യുന്നതായി കണ്ടുവരുന്നു.

(ഡി) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഈ പദ്ധതി പ്രകാരം 1003.40 കി.മി. റോഡുകളുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. നടപ്പു സാമ്പത്തിക വർഷം 76 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പദ്ധതികൾ

7 (*607) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ബാബുപോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യമൃഗസംരക്ഷണ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആ പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്കായി എത്ര തുക വീതം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്.

(ബി) ഭക്ഷ്യവകുപ്പ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ

അരി, ഗോതമ്പ് എന്നിവയ്ക്കുപുറമെ മറ്റ് അവശ്യവസ്തുക്കൾ കൂടി (പയർ, മുളക് തുടങ്ങിയവ) റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സപ്ലൈകോ മുഖാന്തിരം അവശ്യ സാധനങ്ങൾ വാങ്ങി പായ്ക്കറ്റുകളിലാക്കി റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. പൊതുവിപണിയിലെ വിലയേക്കാൾ 10% എങ്കിലും കുറഞ്ഞവിലയിൽ പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ടി പദ്ധതിയുടെ മൊത്തം ചിലവ് 353,84,84,200 രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ 25% ആയ 88.46 കോടി രൂപ കേന്ദ്രം വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	തുക (ലക്ഷത്തിൽ)
1	ഓപ്പറേഷൻ റിന്റർ പെസ്റ്റ് - 100%	70.00
2	കുളമ്പുരോഗനിർമ്മാർജ്ജന പദ്ധതി - 100% (മൂന്ന് ജില്ലകൾക്ക്)	120.00
3	കന്നുകാലി സെൻസസ് - 100% (18-ാമത് കന്നുകാലി സെൻസസ് നടത്തിപ്പിനുവേണ്ടിയുള്ള ധനസഹായം)	47.02
4	ചെറിയ അയവിറക്കുന്ന മൃഗങ്ങളുടെയും മുയലുകളുടെയും സംയോജിത വികസന പദ്ധതി (IDSSR)	100.00
5	മൃഗസംരക്ഷണ സ്ഥിതിവിവരകണക്കും സാമ്പിൾ സർവെയും - 50%	120.00
6	സംസ്ഥാന വെറ്ററിനറി കൗൺസിൽ- 50%	30.00
7	കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം - 75% (ASCID)	768.00
8	ദേശീയ തീറ്റപുൽവികസനം-75%	180.00
9	കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ - 80% (കഴിഞ്ഞ വർഷങ്ങളിൽ കൊടുത്ത പ്രോജക്ടിന് കൊടുക്കേണ്ട ബാക്കിതുക)	262.58
10	ഗ്രാമീണ പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി	164.00

LIBRARY ARCHIVES Kerala Legislative Assembly

(സി) മൃഗസംരക്ഷണവകുപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച പദ്ധതികളിൽ ഈ സാമ്പത്തിക വർഷം ഇതുവരെ താഴെപ്പറയും പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്.

ക്രമ നമ്പർ	പദ്ധതി	ലഭിച്ച തുക
1	ഓപ്പറേഷൻ റിന്റർപെസ്റ്റ് (100%)	20 ലക്ഷം
2	മൃഗസംരക്ഷണ സ്ഥിതി വിവരങ്ങളും സാമ്പിൾ സർവ്വേയും (50%)	30 ലക്ഷം
3	കന്നുകാലിരോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം (75%)	251.03 ലക്ഷം
4	കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾക്കുള്ള ധനസഹായം (80%)	34 ലക്ഷം.
5	ഗ്രാമീണപിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി	164 ലക്ഷം
	ആകെ	499.03 ലക്ഷം

കന്നുകാലി സമ്പത്ത്

8 (*608) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് ഓരോ വർഷവും ഗണ്യമായി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ മേഖലയിൽ ഇപ്രകാരം കുറവുണ്ടാകാൻ എന്താണ് കാരണം ; വിശദാംശങ്ങൾ നൽകുമോ ;

(സി) കേരളത്തിലെ കന്നുകാലി സമ്പത്തിൽ വന്നിട്ടുള്ള കുറവ് 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കന്നുകാലി വികസന മേഖല നൽകുന്ന സംഭാവന എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയുടെ വികസനം ത്വരിതഗതിയിലുള്ള വികസനം സാധ്യമാക്കുന്നതിനും സർക്കാർ നടപ്പുവർഷം ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly